പതിനാലാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 5108

23.03.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പിൽ സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. തൊഴിൽ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകപ്പെടുന്ന സേവനങ്ങൾ 12 തരം ഉണ്ട്. അവ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാനും, ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും തൊഴിൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരെ അപ്പീൽ അധികാരികളായി 2013 ജൂലൈ 31 തീയതിയിലെ ഗസറ്റ് വിജ്ഞാപനം മുഖാന്തിരം ലേബർ കമ്മീഷണർ നിയമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; | ബി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുകയും സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇത് സംബന്ധിക്കുന്ന പ്രതിമാസ റിപ്പോർട്ടിൽ, ലഭിച്ച അപേക്ഷകളുടെ എണ്ണം, രണ്ടാം അപ്പീലുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താറുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് കൃത്യസമയത്തുതന്നെ സേവനം ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. |
| (സി)സേവനാവകാശം സംബന്ധിച്ച അവബോധം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ? | സി) തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ സേവനാവകാശ നിയമത്തെ കുറിച്ചും, നൽകപ്പെടുന്ന സേവനങ്ങളെക്കുറിച്ചും ലഘുവിവരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് . കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ പ്രസ്തുത വിവരങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള പരസ്യബോർഡുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ സേവനാവകാശ നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ ഇത് സഹായകമാണ്. |

Sreelekha
സെക്ഷൻ ഓഫീസർ